# ലിറ്റിൽ ടെക്കി



## ലിറ്റിൽ കൈറ്റ്സ് 2022-25

## ജി ജി എച്ച് എസ് എസ്
## പയ്യന്നൂർ

# ആശംസ



പ്രധാനാദ്ധ്യാപിക

## ശ്രീമതി ഓമന പി വി

"2022-25 ലിറ്റിൽകൈറ്റ്സ് ബാച്ചിന്റെ മികച്ച
മാഗസിൻ പ്രവർത്തനങ്ങൾക്ക് ആശംസകൾ
അഭിനന്ദനങ്ങൾ"

# ലിറ്റിൽ കൈറ്റ്സ്  2022–25

## ജി.ജി.എച്ച്.എസ്.എസ് പയ്യന്നൂർ

### പത്രാധിപ സമിതി

ചീഫ് എഡിറ്റർ : **ശ്രീ ഓമന പി വി**

(പ്രധാനാധ്യാപിക)

സ്റ്റാഫ് എഡിറ്റർ : **ശ്രീ പ്രേംകുമാർ കണ്ണോം**

സ്റ്റുഡന്റ് എഡിറ്റർ :  **ആര്യനന്ദ മുരളീധരൻ ഇ**

### പത്രാധിപ സമിതി അംഗങ്ങൾ

**ശ്രീമതി ജയശ്രീ ടീച്ചർ**

**ശ്രീമതി തഷറീഫ ടീച്ചർ**

(കൈറ്റ് മിസ്ട്രസസ് )

കൃഷ്ണപ്രിയ എ, അനുഷ്ക എൻ വി,

ഫാത്തിമത്ത് റിസ്‌വാന കെ പി, നന്ദിത മേലത്ത്,

ജസ ഫാത്തിമ ടി പി കെ, ഫാത്തിമത്തുൾ നാജിയ എം പി,

ഫാത്തിമത്തുൾ നസ്ര എം പി, ആര്യനന്ദ മുരളീധരൻ ഇ,

അനന്യ ജെ, വൈഗ പി, സംവൃത സുനിൽ,

ഷംല ഫാത്തിമ കെ, സാധിക സി,

സൻമയ സനോജ്, ശ്രേയ ടി എം, തൃഷ രജീഷ്,

അനശ്രീ വി വി, നവ്യ സി,

ദൃശ്യ സി, ലയ പി വി, ഫാത്തിമത്തു ഹിബ പി പി,

ആമിനത്ത് അർഷിത സി എം, ശ്രീനന്ദ കെ,

*************************

# മാഗസിൻ
# താളുകളിലൂടെ



# അനശ്വരമാകുന്ന വേരുകൾ

വേരുകൾ തേടുന്നു ലക്ഷ്യം
തൻ നിലനിൽപ്പന്നു വേണ്ടി,
ജീവിതമാകുന്ന വേരിൽ ഒരു
തുള്ളി ജലവും ലവണവുമെത്താൻ.

മാനുഷന്മാരുടെ വേരുകൾ എന്നത്
ലക്ഷ്യം ഉൾക്കൊള്ളുന്നതാകട്ടെ
വേരുകൾ എന്നത് സസ്യത്തിൻ
ജീവിത താങ്ങായി മാറുന്നതാകട്ടെ

ജീവിതമാകുന്ന യാത്രയിൽ വേരുകൾ
താങ്ങായി തുണയായി തീരട്ടെ
മാനുഷർ സ്വന്തം നിലനിൽപ്പിനാ–
യറുക്കുന്നു ജന്തുജാലങ്ങൾ തൻ വേരുകൾ

ഭ്രമിതന്നുടലായി വേരുകൾ,
മാനുഷർ തൻ താങ്ങായി വേരുകൾ
അനശ്വരമാകുന്ന വേരുകൾക്കെന്തിനീ
നശ്വരമാകുന്ന താങ്ങ്.

ദേവിക കെ വി

# ഏകാന്തയാത്ര..........

കൂട്ടിനായൊരാളില്ല
തേടുവാനൊരിടമില്ല
തനിച്ചിരിക്കാൻ കൊതിക്കാത്ത ദിനം
ദൂരെ ആകാശത്തണലിൽ
തനിച്ചിരിക്കേണ്ടിവന്ന ദിനം
ഓർമകൾ ഏറെയുണ്ട്
എല്ലാം ഉപ്പുചുവയ്ക്കുന്ന ഓർമകൾ
ഓർത്തിരിക്കാൻ കൊതിക്കുന്ന,
ഓർമകളേറെ നെയ്തുകൂട്ടാൻ
തനിച്ചാകില്ലല്ലോ.......................
വേരുകൾ തേടിയുള്ള യാത്രയിൽ
പാതിവഴിയിൽ ഞാൻ നിലച്ചുപോകുമോ
ഏകാന്തത.........................
അതെന്നെ അത്രമേൽ വേട്ടയാടിയിരിക്കുന്നു
തനിച്ചാണോ ഞാൻ
അല്ല.......................................
അത്രമേൽ ഏകാന്തത എൻ
കൂടെയുള്ളപ്പോൾ ഞാനെങ്ങനെ
തനിച്ചാകും...........................
എന്നുമെൻ കവിളിൽ കൺമഷി
പടരണമെന്നാണോ വിധി.............
എത്രനാൾ ഇങ്ങനെ,
നിശ്ചയമില്ലാത്ത ഈ യാത്രയിൽ
നിനക്കുഞാനില്ലേ......................
എന്നൊരാവരികൾക്കായി
കൊതിച്ചിട്ടിന്നെത്ര നാളായെന്നറിയില്ല
ആ വാക്കുകൾക്കായി
എൻ നെഞ്ചം പിടയുകയാണ്
അന്തമില്ലാതെ തുടിക്കുകയാണ്..................

# മറന്നുപോയ വേര്

അതിമോഹം കൊണ്ടവൻ
പണം മോഹിച്ചാ-
നഗരത്തിൻ വലയിൽ അകപ്പെട്ടുപോയി
ഗ്രമവീഥികൾ തൻ സൗന്ദര്യ-സംസ്കാര-
ഭാഷ മറന്നവൻ,
നഗരം തൻ ദോഷവശങ്ങളിൽ
മാത്രം തൻ ശ്രദ്ധചെലുത്തി.
തൻ വേരുകളായ നാടും അതിൻ
സംസ്കാര-ഭാഷയുമെല്ലാം അവൻ തൻ
മനസ്സിൽ നിന്നു മാഞ്ഞുപോയി......
ആദ്യമായി അവസാനമായി തൻ
വേരുകൾ മാത്രമേ ബാക്കിയാകൂ
എന്ന സത്യം മാത്രം അവൻ മറന്നു.

-ജാൻവി ബാബുരാജ്

# വേരുകൾ തേടുന്നത്

ഏയ് വേരുകളെ നിങ്ങൾ ആരെയാ-
ണീ തേടുന്നത് ?
ഞാൻ തേടുന്നത് മറ്റാരെയുമല്ല
നമ്മുടെ മണ്ണുകളയാണ് ചെടികളെ .
ഈ മനുഷ്യർ നമ്മളോട് ചെയ്യുന്ന
ക്രൂരത കണ്ടില്ലേ....
മണ്ണുകളുടെ മുകളിൽ ഇന്റർലോക്കിട്ട്
മൂടിയിരിക്കുന്നു.
അതേ വേരുകളെ നമ്മുടെ അവസ്ഥ
കണ്ടില്ലേ മണ്ണിൽ സുഖമായിട്ട് ജീവിച്ചിരുന്ന
നമ്മെ പിടിച്ച് വീടിന്റെ
അലങ്കാരത്തിനുവേണ്ടി തൂക്കിയതു
കണ്ടില്ലേ....
നമുക്കിനി രക്ഷയില്ല നമ്മുടെ
ജീവിതം ഇവിടെ തന്നെ......

- അന്വയ

# വിത്തിന്റെ ജാലകങ്ങൾ

വിത്തിൽ നിന്നും മുളപ്പൊട്ടുന്ന പുഷ്പമേ
നിന്റെ ലക്ഷ്യത്തിലെത്താൻ ഒരുപാട് തടസങ്ങൾ
തടയാൻ താങ്ങായി തണലായി ഉടലോട്
ചേർന്ന് ഞാൻ നിൽക്കുന്നു.
എന്റെ ലക്ഷ്യത്തിലേത്താൻ അമ്മയായ ഭൂമീ
നീ നൽക്കൂ നിന്റെ പ്രതിഭാസങ്ങൾ
ഞാൻ തേടുന്നു. നീ നൽക്കൂ
മഴയെ, വെയിലിനെ, തണുപ്പിനെ
അമ്മ തന്ന കുതിരാർന്ന മഴയെ
എന്റെ ലക്ഷ്യത്തിലെത്താൻ
നീ എന്നെ സഹായിച്ചു.
വേരുകളായ നമ്മൾ ആഴ്ന്നിറങ്ങി
അമ്മയായ ഭൂമിയിലെക്ക്
എന്റെ ലക്ഷ്യത്തിലെത്തി എന്റെ ഉടല് ഉയർന്നു
പക്ഷെ ഞാൻ ഇപ്പോൾ പരാജയപ്പെടുന്നു
നമ്മളെ കാർന്നു തിന്നുന്ന യന്ത്രം
അർത്തിയോടെ എന്റെ അടുത്തേക്ക് എത്തി
അടുത്ത ജന്മത്തിലെങ്കിലും
നമ്മളെ ഉപദ്രവിക്കാതിരിക്കാൻ
നാം എന്തു ചെയ്യണം..........

-മാളവിക മനോജ്

# ജലം

കൊമ്പുകളെല്ലാം  വെട്ടിമുറിച്ചാ
മനുഷ്യർ തൻ വേരിൻ മുകളിലാ
കുഞ്ഞു തടി മാത്രം നിഷ്കർഷമായി
വേരുകൾ മണ്ണിന്നാഴങ്ങളിൽ
തിടുക്കം പിടിച്ചു തേടുന്ന ഒരു
ജല കണികയെ  നിളയുടെ ഇടിമിന്നൽ
പോലുള്ളയാ ജലത്തിൽ
ശബ്ദം നിലച്ചുപോയി.
നീരുറവകൾ ഇല്ല പുഴകളെ കാണാതായോ?
നീർ വയലുകൾ
നിമിഷങ്ങൾകൊണ്ട്  മണ്ണിനകത്തായി,
ഭീകര കെട്ടിടങ്ങൾ ആകാശം
കാർന്നുതിന്നു, കാർമേഘങ്ങൾ
ഓടി മറഞ്ഞു, അകന്നുമാറിയാ കാർമേഘം
പൊട്ടിക്കരഞ്ഞു. ജലസ്പർശമേറ്റയാ
മാമരം ആനന്ദ  മാധുര്യത്തിൽ ലയിച്ചുനിന്നു.
മനുഷ്യരെ ശപിച്ചാ വൃക്ഷം മധുര വിസ്മയ
ലോകത്തെന്ന പോൽ ലയിച്ചു നിന്നു

-അനന്യ.ജെ

# അമ്മയെന്ന വേരുകൾ

എന്റെ സിരകളിൽ ഒഴുകുന്ന രക്തമേ.....
നിൻകണ്ണുകളിൽ കാണുന്നു
എനിക്കുള്ള സ്നേഹം
എന്റെ ജീവിതം ഒരു മാളികയിൽ
പണിതു തീർത്തതും
അതിൽ വേരുകൾ പിടിപ്പിച്ചതും
നീയാണ് ...........
എൻ കൂടെയുണ്ടാകണം അമ്മേ......
അരികിലും എപ്പോഴും
അമ്മയായ നീ എന്റെ കൂടെ
ഇല്ലെങ്കിൽ ഇന്ന് ഭൂമിയിൽ ഞാൻ
എന്റെ വേരുകൾ സൃഷ്ടിക്കുമായിരുന്നില്ല
മാറുന്ന പ്രകൃതിയെപ്പോലെ
നൈമിഷികമാണ് അമ്മയോടുള്ള
എൻ മധുര സുന്ദരമായ ഓർമ്മകൾ
അഭംഗുരമായ സ്നേഹം കൊണ്ടു നീ
എൻ മനസ്സിനെ മാധുര്യത്തിലാഴ്ത്തിയില്ലേ.....
അത് എനിക്ക് താങ്ങാൻ കഴിയില്ല
എൻ മനസ്സിനെ നീ  നിൻ സ്നേഹം
കൊണ്ട് തകർത്തുകളഞ്ഞില്ലേ
അമ്മയാണ് വേരുകൾ എൻ
ജീവിതവേരുകൾ.......

-മേഘന രഞ്ജിത്ത്

# വേരുകൾ തേടുന്നത്

വേരുകൾ തേടുന്ന സ്വപ്നം കാണുന്നു
ഈ വരണ്ട ഭൂമിയിൽ വെള്ളത്തിനായ്
കരിയുന്ന വേരുകൾ, കരയുന്ന വേരുകൾ
ഒരു തുള്ളി ജലത്തിനായ് കേഴുന്ന വേരുകൾ
വേരുകളില്ലാതുണങ്ങുന്ന ചെടികൾക്ക്
തണ്ണീരുമായ് വരുക നീ ഹർഷമേ
നീ വളർത്തിയ ഉയരത്തിലെത്തിയ
ചെടികൾ നിന്നെ തിരിഞ്ഞൊന്നു
നോക്കാതെ പോകുമോ......
ഈ വലിയ ഹരിത ഭൂമിയിൽ നീ
കണ്ടു പ്രകൃതിയുടെ വരദാനം
ചെടികൾക്ക് നീ മാതാവായ് നൽകുന്നു
അന്നവും ജലവും വാത്സല്യവും
വെയിലേറ്റ് കത്തിക്കരിയുന്ന മക്കൾക്കു
നീ താങ്ങായ് സ്നേഹമായ് നിലകൊള്ളുന്നു
കരയാതെ തളരാതെ നീ കൂടെ നിൽക്കണം
നിൻ മക്കളാം ചെടികളെ വളർത്താനായ്
നീ തേടുന്നു ജലത്തിനായി
നീ തേടുന്നു ഒരു ഹരിത
ഭൂമിക്കായ്

മയൂഖ മനോജ്

# കുഞ്ഞു വേരിൻ നിഷ്കളങ്കത

ആകാശം ഒരു കുടം തെളിനീർ പൊഴിച്ചു........
ആ തെളിനീരിൽ നനഞ്ഞു കുതിർന്ന ഒരു കുഞ്ഞു വേരും
വളർന്നു പന്തലിച്ച് ഒരു വൃഷതിൻ അടിയിൽ കണ്ണു-
നീർ പൊഴിച്ച് കരഞ്ഞു നിൽപ്പൂ...........
എന്താ നിൻ മിഴികൾ നിറഞ്ഞിരി-
ക്കുന്നെന്ന് പ്രകൃതി മൊഴിഞ്ഞ നേരം
കുഞ്ഞു വേരിൻ വിഷമം അറിഞ്ഞപ്പോൾ
മിണ്ടാതെ പ്രകൃതി ചിരിച്ച് പോയി.......
പ്രകൃതി തൻ ചിരിയിൽ കുഞ്ഞു വേരിൻ മുഖം.....
കോപതാൽ പൂണ്ടു നിറഞ്ഞ നേരം.....
പ്രകൃതി തൻ വാക്കുകൾ കാതിൽ  മൊഴിഞ്ഞപ്പോൾ
കുഞ്ഞു  വേരിൻ മുഖം സന്തുഷ്ടമായി
പ്രകൃതി പറഞ്ഞസന്ദേശം ഇതാണ്........
പ്രകൃതിതൻ സൃഷ്ടിയിൽ  എല്ലാ ജീവജാലത്തിനും.....
സുഖവും ദുഃഖവും പങ്കിട്ടു നൽകുന്നു.....
നിന്റെ ദുഃഖം പിന്നെ സന്തോഷമായ് മാറും........
എന്ന പ്രകൃതിതൻ  വാക്കിൽ കൃതജ്ഞനായി-
ആ കുഞ്ഞു വേരും

-നിഹാരിക മനോഹരൻ

# സങ്കടം വന്നെങ്കിലും അവൾ പുറത്തുകാണിച്ചില്ല

മുല്ല ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചവളാണ് അവളുടെ അച്ഛനമമ്മയും ഒരു ബൈക്കപകടത്തിൽ മരിച്ചുപോയി. പിന്നീട് അവളുടെ വല്യമ്മയായിരുന്നു അവളെ നോക്കിയിരുന്നത്. വല്യമ്മ അവളെ വലിയ ജോലികൾ ചെയ്യിപ്പിക്കും. എന്നിട്ട് മുല്ലയോട് പറയും മുല്ലേ മതി നീ സ്കൂളിൽ പോയത്. നാല് വരെ പഠിച്ചാൽ മതി.ഇത് കേൾക്കുമ്പോൾ മുല്ലയ്ക്ക് സങ്കടം വരും. അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂൾ ഫീസിനു വേണ്ടി മുല്ല വല്യമ്മയോട് ചോദിച്ചു. 'വല്യമ്മേ നാളെ സ്കൂൾ ഫീസായ നൂറു രൂപ വേണം.' ഇതു കേട്ട വല്യമ്മ അവളോടു പറഞ്ഞു 'ഞാൻ നിന്നോട് പറഞ്ഞതല്ലേ  സ്കൂൾ മതിയാക്കി കൂലിപ്പണിക്ക് പോകാൻ'.

മുല്ല പിറ്റേന്ന് സ്കൂളിൽ പോയില്ല. അവൾ ഒരു ചെറിയ ചെടിക്കട തുടങ്ങി. അവൾ ചെടികൾ വിൽക്കുന്നത് കണ്ട് കൂട്ടുകാർ കളിയാക്കാൻ തുടങ്ങി. ആ ദിവസം  അവൾക്ക്  നൂറു രൂപ ലഭിച്ചു പിറ്റേന്ന് അവൾ ഫീസടച്ചു. അന്ന് അവളുടെ കൂട്ടുകാർ കളിയാക്കി. സങ്കടം വന്നെങ്കിലും അവൾ പുറത്തു കാണിച്ചില്ല. അവൾ തിരിച്ചു വീട്ടിൽ എത്തിയാൽ വല്യമ്മ എല്ലാ ജോലികളും ചെയ്യിപ്പിക്കും. പാവം അവൾ ഒന്നും മിണ്ടാതെ പറഞ്ഞ പണി മുഴുവൻ ചെയ്യും. പഠിത്തത്തിനിടെ അവൾ പണി ചെയ്തുണ്ടാക്കുന്ന പണം പലപ്പോഴും വല്യമ്മ മോഷ്ടിക്കും. അവളെ പഠിക്കാൻ പോലും അവർ സമ്മതിക്കാറില്ല.  എന്നാലും അവൾ എല്ലാ പരീക്ഷയിലും പാസ്സായി. അവൾ നല്ലവണ്ണം പഠിച്ച് ഒരു ഡോക്ടറായി. വല്യ വീട് വച്ചു. കാറും ബൈക്കും വാങ്ങി. വിവാഹം കഴിച്ച് നല്ല സന്തോഷത്തോടെ കഴിഞ്ഞു.

വല്യമ്മയ്ക്ക് താൻ മുല്ലയോട് ചെയ്ത തെറ്റിൽ പശ്ചാത്താപം തോന്നി. അവളോട്  ക്ഷമ ചോദിച്ചു. വലിയ മനസ്സിന്റെ ഉടമയായ അവൾ വല്യമ്മയോട്  ക്ഷമിച്ച് കൂടെ താമസിപ്പിച്ചു.

-നീരാഞ്ജന കെ.വി

അഞ്ചാം ക്ലാസ്

# അനഘയുടെ അന്വേഷണം

അനഘ ഒരു പാവപ്പെട്ട കുട്ടിയാണ്. അനാഥയാണ്. അവളുടെ അച്ഛനും അമ്മയും അവൾ ജനിച്ചപ്പോൾ തന്നെ അവളെ ഉപേക്ഷിച്ചതാണ്. മലപ്പുറം ജില്ലയിലെ ഒരു സമ്പന്നമായ കുടുംബത്തിലെ ദമ്പതികൾക്ക് അവളെ ദത്തെടുത്തു. അവർ അവളെ വിദ്യാലയത്തിൽ ചേർത്ത് പഠിപ്പിച്ചു. അവൾ ഒരു മിടുക്കിയാണ്. പഠിനത്തിലും സ്പോർസിലും ഒക്കെ അവൾ മികച്ചു നിന്നു.

ഒരിക്കൽ അവളോട് ടീച്ചർ നിനക്ക് വലുതാകുമ്പോൾ ആരാകണം എന്നാണ് ആഗ്രഹം എന്ന് ചോദിച്ചു. അവൾ പറഞ്ഞ മറുപടി, എനിക്ക് വലുതാകുമ്പോൾ ഒരു നല്ല സത്യസന്ധയായ പോലീസ് ഓഫീസർ ആയാൽ മതി എന്നായിരുന്നു. എന്തുകൊണ്ടാണ് നിനക്ക് പോലീസ് ഓഫീസർ ആവാൻ ആഗ്രഹം എന്ന് ടീച്ചർ ചോദിച്ചു. എനിക്ക് പോലീസ് ഓഫീസർ ആയിട്ട് എന്റെ അച്ഛനും അമ്മയും ആരാണെന്ന് കണ്ടെത്തണം. അവർ എന്തിനെന്നെ ഉപേക്ഷിച്ചു എന്നറിയണം. ഇനിയും അച്ഛനമ്മമാർ മക്കളെ ഉപേക്ഷിക്കുന്ന സാഹചര്യം ഉണ്ടാവരുത്, മക്കൾ ഉപേക്ഷിക്കപ്പെടരുത്.

ഒരു നല്ല പോലീസ് ഓഫീസർ ആകാൻ അവൾക്ക് കഴിഞ്ഞു. അവൾ ആദ്യമായി ചാർജെടുത്ത സ്റ്റേഷൻ മട്ടന്നൂർ പോലീസ് സ്റ്റേഷൻ ആണ്. അന്ന് തന്നെ അവൾക്ക് ഒരു കേസ് കിട്ടി. ഒരു കൊലപാതക കേസാണ്. അത് അവൾ നല്ല രീതിക്ക് തന്നെ അന്വേഷിച്ചു. കുറ്റവാളിയെ അറസ്റ്റ് ചെയ്തു. പക്ഷേ അവൾ അറസ്റ്റ് ചെയ്ത കുറ്റവാളി രക്ഷപ്പെട്ടു.

അന്ന് രാത്രി ഡ്യൂട്ടി കഴിഞ്ഞ് അവൾ വീട്ടിലേക്ക് പോകുമ്പോൾ അവളുടെ പിറകിൽ ആരോ നടക്കുന്നത് പോലെ അവൾക്ക് അനുഭവപ്പെട്ടു. അവളുടെ കൈയിൽ ആ നേരം തോക്ക് ഉണ്ടായിരുന്നില്ല. അവൾ തല ഉയർത്തി വേഗത്തിൽ നടന്നു. ഉറപ്പ് ആരോ പിറകിലുണ്ട്. വീടിന് അടുത്ത എത്തിയപ്പോൾ ആ ശബ്ദം കേൾക്കുന്നില്ല. പകരം ഭയാനക മായ പേടിപ്പെടുത്തുന്ന ശബ്ദമാണ് വരുന്നത്. അവൾ വേഗം തന്നെ വീടിനകത്തെ കയറി വാതിൽ അടച്ചു. അവൾക്ക് വെള്ളം കുടിക്കാൻ തോണി. അടുക്കളയിൽ പോയി അവൾ ലൈറ്റ് ഇടാൻ പോയപ്പോൾ പെട്ടെന്ന് കറണ്ട് പോയി. അവൾക്ക് പേടി തോന്നിയെങ്കിലും മൊബൈൽ ഫോൺ എടുക്കാനായി മുറിയിൽ പോയി. പെട്ടെന്ന് അവളുടെ പിറകിൽ ഒരു രൂപം അവൾ മൊബൈൽ വെളിച്ചത്തിൽ കണ്ണാടിയിൽ കണ്ടു. ഒരു ഭീകരമായ രൂപമാണിത്. കയ്യിൽ ഒരു വലിയ കത്തി. കറുത്ത രൂപം. അവൾക്ക് പേടി ആകാൻ തുടങ്ങി. തന്നെ പിന്തുടർന്നത് അയാൾ ആണെന്ന് അവൾക്ക് മനസ്സിലായി. അത് വേറെ ആരും തന്നെയല്ല. അവൾ കസ്റ്റഡിയിൽ എടുത്ത് രക്ഷപ്പെട്ട കുറ്റവാളി. പെട്ടെന്ന് ധൈര്യം സംഭരിച്ച് പോലീസ് മുറയിൽ അവൾ അയാളോട് എതിരിട്ടു. അതിനിടയിൽ അയാൾ എങ്ങനെയോ രക്ഷപ്പെട്ടു. ഇപ്പോഴും അവൾ കേസ് അന്വേഷിച്ചു കൊണ്ടിരിക്കുന്നു. അയാളെ പിടിക്കാനായി.

-ഗൗരി ചന്ദന

# സങ്കടം വന്നെങ്കിലും അവളത് പുറത്ത് കാണിച്ചില്ല

അനന്യ പഠിത്തത്തിൽ മിടുക്കിയായിരുന്നു.അവൾ നല്ല സ്നേഹവും കരുണയും ഉള്ളവളായിരുന്നു. എങ്ങനെയോ അവളിൽ അഹങ്കാരം തലപൊക്കി.
എസ്.എസ്.എൽ.സി പരീക്ഷ അടുത്തുവന്നു.
പഠിത്തത്തിൽ മിടുക്കിയാണ് എന്ന അഹങ്കാരമുള്ളതിനാൽ അവൾ കൂടുതൽ സമയം പഠിക്കാൻ താൽപര്യം കാണിച്ചില്ല.

പരീക്ഷയുടെ അന്ന് അവൾ ഹാളിൽ ചെന്ന് ചോദ്യ പേപ്പർ വാങ്ങിച്ച് സീറ്റിൽ ഇരുന്നു. ചോദ്യപേപ്പർ നോക്കുമ്പോൾ അവൾക്കറിയാവുന്നത് കൂടുതൽ ഒന്നും ഉണ്ടായിരുന്നില്ല. അവൾക്ക് സങ്കടം വന്നെങ്കിലും അവൾ അത് പുറത്ത് കാണിച്ചില്ല. അറിയാവുന്നതൊക്കെ എഴുതി അവൾ പുറത്തിറങ്ങി. അവൾ സങ്കടത്തോടെ വീട്ടിലേക്കോടി. അവളുടെ മുറിയിൽ ചെന്ന് കരഞ്ഞു.

അമ്മ വന്ന് അവളോട് ചോദിച്ചു, മോളെ പരീക്ഷ എങ്ങനെ ഉണ്ടായിരുന്നു. അവൾ വെറുതെ മൂളി. അങ്ങനെ പരീക്ഷയുടെ ഫലം വന്നു . എല്ലാത്തിലും മാർക്ക് കുറവ്. അവളുടെ ടീച്ചർക്ക് അവളിലുള്ള പ്രതീക്ഷ പോയി . കൂട്ടുകാരൊക്കെ അവളെ കളിയാക്കി. അവളുടെ അമ്മയ്ക്ക് ഒത്തിരി സങ്കടം ആയി. കാരണം അവളുടെ അച്ഛൻ മരിച്ചിട്ട് രണ്ട് വർഷമേ ആയുള്ളൂ . അവർ ഒരു ദരിദ്ര കുടുംബമായിരുന്നു. അവൾക്കും അമ്മയ്ക്കും വിഷമമായി. അവൾക്ക് പശ്ചാത്താപം തോന്നി.

ഒരിക്കലും നല്ല കഴിവുണ്ടെന്ന് കരുതി അഹങ്കരിക്കരുത്, അത് മെച്ചപ്പെടുത്താതിരിക്കരുത്, അത് വർധിപ്പിക്കുകയാണ് വേണ്ടത്

മയൂഖ മനോജ്

# Are We Grateful ?

In a quiet night ,
he, who would have succumbed to death
was reborn, but if the angel was hesitant to lend a hand
he would have gone to the other side of the world.

When we were making the first step
An effort to leap
The angel caught us, held us close to the heart
And whispered 'in our ears,' you can do it.

The angel who held our hands
Took us to the heaven of knowledge
Displayed the magic of the words.
Inspired us to be a better person.

The angel who covered us with her blanket
Held us together and hid us from the dark.
Spread the knowledge
Is all around us.

But the angel remains unknown
But the deeds are known to all.
The deeds fill us with gratitude
But are we grateful?

- Sruthakeerthi . K

# *ME MYSELF*

The first word raise from my heart
The soul blend with my felts
The membrane of love around my wounds
The shield of problem behind me
Thanks for make me who I am.

The step I felt for first
The unity rushed in my veins
The goosebumbs boomed out of my feelings.
The tricolours which attracts me most
Thanks for make me who I am.

The breeze that cools my heart
The fruits that subsides my starve
The water that wet my dryness
The fire that burns for us
Thanks for make me who I am.

The hands that raised me up
The words that bought me from clowns
The presence that  gave preasure of togetherness
The bonds grewdeeper than other ganes
Thanks for make me who I am.

The pens that  love me for nothing
Those sincerely wish for my future
those act strict for the being straight
The love and came behind grumpy altitude
Thanks for make me who I am.

Thus, I made myself from those
Thus,the elements build me up
Thus ,the catylist burned me for growing
To caapture the heights of sky.

Thankyou to everything for everything
Thankyou for make me who I am.

Niharika O

# OH! MOTHER NATURE, GRATITUDE I EXPRESS!

Oh! Mother Nature !
How beautiful you stand !
Amidst The other Planets ,
So magestic and grand!
Serene, magnificient ,regal;
A queen among them all!
Caring,protective,nourishing;
A mother above all!

Stand the green trees,
tall along the roads;
Stand the sheer mountains,
high above the clouds.
Streams flow,grass grows,
fiower bloom as well;
Amazing is your power,
sophisticated and belle!

Breathing sceneries,
Created by your hands;
Brght ,bellowing,beauty,
stand all the lands.
Drops of pearls fall from sky,
Shining,cool like ice,
How can they tears,
that flow from those pretty
eyes?

Oh! Mother Nature !
The gratitude we owe,
Never can be restored,
no matter how many vows!
You give and give but never
take,
Your heart is ever aglow!


We take and take but never
give,
But sill you loves us so!
Thanks to you we have lived
thislong,
Cherishing happiness;
Gratitude, I express to you
nothing more or less!

- Shivananda
Santhibhooshan

# THE MYSTERY OF KNOCKING DOOR

A gentle breeze swept that piece of paper from her hand. When she bend to take the piece of paper. She saw a mysterious book under the shelf. She had never seen that book in her house. She started reading the book. It was a story of the knocking door, “A December's cold wintery night".

A girl was alone in her flat . She was so bored and decided to went out from her flat for a while. She walked along the street. She saw a cinema hall. It has become 10pm at night. She returned to her apartment. She reached her apartment. She slept in her bed . It has become 12:30 am some one was knocking at her door . She wake up from her sleep and opens the door . No one was there. It continued for days at every 12:30 am.



One day, she decided to find the mistery of the knocking door she went to the apartment's owner and said all things . The owner was shocked and said a thing, it had happened with a family too. Who opened the door they wouldn’t live no more , she was also dead at the next night.

# *THE TRUTH THAT THE BREEZE KNEW*

*'Mother'…… Don't leave me here….. I'm scared.*

*She woke up with a start and searched for her mother everywhere tears rolled down her cheeks blurring her vision.*

*Sofia, darling, I'll come back soon. Always remember that mummy loves you more than anything in this whole world; That was the last thing her mother told her.*

*'Mommy, where are you? She was lost in her thoughts when the loud banging on the door brought her back into reality.*

*Sofia, what's wrong? Nothing aunt, just a night mare.*

*She let out her cries when the sound footsteps slowly faded away.*

*Sofia, come out of your room and sere this tea of your neighbours! Why are you always hiding in that room? Her aunt asked.*

*Without replying to her she quietly served them tea.*

*'Mary, who is the girl. I have never seen her before.*

*'Oh, she's my niece. I brought her after her mother died. Poor girl, her father left them when my niece, Sofia was just two year old. Then her mother died last year. She was diagnosed with cancer and it was impossible to care her. Sofia was very depressed after her mother died.*

*Brought her here last may and now Sofia has improved. She is pretty happy!*

*Sofia smiled but her heart was thumping hard, her eyes were struggling to hide her tears, and she hid them by a smile.*

*While walking back to her room she wondered how easily her aunt lied about her mother She had managed to manipulate everybody with her lies, even Sofia. She saw an angel in her aunt when she approached her and consoled her. But slowly she witnessed an angel turning into a demon.*

*Her aunt tortured her every night, her friends bullied her every morning.*

*The only person who listened to her sorrows washer mother.*

*Now she is all alone. Sofia knew well that her mother did not die of cancer, she believed that her aunt was somehow responsible for her death. But she can't complain, she is living under her aunt's care.*

*One day, welcomed by a pleasant news. Her mother's distant relative somehow found her address. She had travelled from London just to deliver a piece of paper. But that paper gave her a hope to go on and lit a tiny spark in her mind to find her mother.*

*'What' s written in the paper?*

*'Nothing, just an invitation to a birthday party. She replied to her aunt.*
*"Dear Sofia, I know this might surprise you, but believe me, I saw your mother. She is not died. She's living in Russia. I tried to catch up with her, but she disappear into the crowed. Her address keeps on changing, but she is currently staying at B-11, street 12 at Moscow. Hurry up and meet her."*
*Sofia read that letter again. Should I go, Is she really alive? There thoughts disturbed here.*
*The next morning, She left home to go to Russia. She had lied to her aunt that she was going for a tour in Russia. She was sure that she wasn't satisfied with that response. But Sofia ignored her.*
*She reached there after a week or two. She was unsure Whether her mother would be at that same place, but she went on with her optimism. She struggled to find her mother in that huge city. She searched for her mother everywhere, but it was all in rain. Finally, She came to know a truth, her mother's name was Lily and she had been leading a life in London as Kate Williams. Who is her mother? Where is she? She sunk in despair.*



*Was my mother trying to abandon me? But why? They remained unanswered. Suddenly, she heard a familiar voice. 'Sofia?' She looked up only to meet the person she had been looking for all this time. Where were you? Honet, listen to me.'*
*She sat beside her and unfolded bitter truths that she wished to keep as a secret. Sofia sat like a dead person , quietly watching her mother leave. Her words echoed in her mind. Sofia, I don't know who your parents are . I had adapted you when you were just a baby. I'm sorry I left you alone. I didn't have the courage to tell you that I am not yours........*
*Good bye, please I'm begging you, Don't look for me any more.*
*Sofia felt her world falling apart. Her dreams shattered like glass, She was drowning in the ocean of sorrow. She fell with a thud and lied there while a gentle breeze swept that piece of paper away from fingers. The breeze patted her on her back, her hair swayed in the breeze while tears kept on rolling down her unwinking eyes.*

- Sruthakeerthi . K

# ലിറ്റിൽകൈറ്റ്സ് അസൈൻമെന്റ് പ്രവർത്തനങ്ങൾ











# സ്ക്രൂതല മോണിറ്ററിംഗ്





# ലിറ്റിൽകൈറ്റ്സ്
# സ്കൂൾതല ക്യാമ്പ്
















# പോസ്റ്റർ രചനകൾ



WORLD
WATER DAY
ON 22 MARCH
Water is the lifeblood of our world
But drop by drop, this precious lifeblood is being poisoned by pollution


NATIONAL
MOON DAY
July 20th
Moon is the First Milestone in the Road of Stars


ബലി കൊടുക്കരുതീ
ബാല്യം
തളിരിടേണ്ട ബാല്യങ്ങൾ വേല ചെയ്ത് തളരാതിരിക്കട്ടെ
വിടപറയാം ബാലവേലയോട്
ജൂൺ 12
ലോക ബാലവേല വിരുദ്ധ ദിനം


First Day In School
SCHOOL
BACK TO SCHOOL

# ചിത്ര രചനകൾ








# സ്ക്രൂളിൽ നടന്ന വിവിധ പരിപാടികളിൽ നിന്നും............










**2023-24**










ബാലവേല വിരുദ്ധ പ്രതിജ്ഞ
GGHSS Payyannur


ബാലവേല വിരുദ്ധ ദിനം
ക്ലാസ് റൂം നാടകം
GGHSS PAYYANNUR



# ശുഭം